**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - കോഴിക്കോട് സൗത്ത് നിയോജകമണ്ഡലം - മാലിന്യ സംസ്കരണ സ്ഥിരം സംവിധാനം - ശുദ്ധി പദ്ധതിയ്ക്ക് - Installation of Plastic Shredding and Baling Machine എന്ന പ്രവൃത്തിക്ക് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്**

**സ.ഉ. (സാധാ)നം.6239/2018/ധന. തീയതി, തിരുവനന്തപുരം, 23.07.2018**

---

പരാമർശം : 1) 04/07/2017 ലെ സ.ഉ. (അ) നം. 86/2017/ധന ഉത്തരവ്.

2) കോഴിക്കോട് സൗത്ത് എം.എൽ.എ യുടെ 29/06/2018 ലെ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ മാലിന്യ സംസ്കരണ സ്ഥിരം സംവിധാനം ഒരുക്കുന്നതിനായി - Installation of Plastic Shredding and Baling Machine എന്ന പ്രവൃത്തിക്ക് 2018 - 2019 ലെ മണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും 9.82 ലക്ഷം രൂപ വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം ബഹു.എം.എൽ.എ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കോഴിക്കോട് ജില്ലയിലെ കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ മാലിന്യ സംസ്കരണ സ്ഥിരം സംവിധാനം ഒരുക്കുന്നതിനായി Installation of Plastic Shredding and Baling Machine എന്ന പ്രവർത്തിക്ക് കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ ബഹു.എം.എൽ.എ ഡോ.എം.കെ.മുനീറിന്റെ 2018- 2019 ലെ മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും 9.82 ലക്ഷം രൂപ (ഒൻപത് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ) എം.എൽ.എ യുടെ അനുമതിയ്ക്ക് വിധേയമായി വിനിയോഗിക്കുവാൻ പരാമർശം (1)ൽ ഇളവു വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**അജിത്ത് കുമാർ.എ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ &ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്എസ്എ)), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ കോഴിക്കോട്
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്
നോഡൽ ഓഫീസർ www.finance.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**